# എം.ടി.ഡി.എം.

# എച്ച്.എസ്

# മാലൂർ

# ചരിത്രം

## എം ടി ഡി എം എച്ച് എസ് മാലൂർ

പത്തനാപുരം മൗണ്ട് താബോർ ആശ്രമ സ്ഥാപകനായ മാർത്തോമാ ദീവന്നാസിയോസ് തിരുമനസിന്റെ നാമധേയത്തിലാണ് ഈ സ്കൂൾ 1982 ൽ സ്ഥാപിച്ചത്.അന്നത്തെ വിദ്യാഭ്യാസ മന്ത്രി ഈ മലയോരഗ്രാമ നിവാസികൾക്ക് ഹൈസ്കൂൾ പഠനത്തിന് മാർഗ്ഗമൊന്നുമില്ലാതിരുന്ന കാലയളവിലാണ് 1982 ൽ മണയറ കോളനിക്ക് സമീപം ഈ സ്കൂൾ സ്ഥാപിച്ചത്.ഇത് 8,9,10 .ക്ലാസുകൾ മാത്രമുള്ള സ്കൂൾ ആയിരുന്നു.ഇതിന്റെ പ്രഥമ ഹെഡ്മാസ്റ്റർ Sri. P Jacob Thomas. വിദ്യാഭ്യാസ പരിഷ്കരണങ്ങൾ വന്നപ്പോൾ സമീപ പ്രദേശത്തെ സ്കൂളുകൾക്കും +2 സൗകര്യങ്ങൾ സർക്കാർ അനുവദിച്ചു. മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

ഹൈസ്കൂളിന് 2 കെട്ടിടങ്ങളിലായി 14 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 6 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.



# സന്ദേശം

നമ്മുലടെ സ്കൂളിലെ ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.ഇതിന്റെ അണിയറ പ്രവർത്തകരെയൊന്നായി പ്രശം സിക്കുന്നു.  എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ
എം ടി ഡി എം എച്ച് എസ്
മാലൂർ

# കുട്ടി കവിതകൾ

## ***തീവണ്ടി***

നാടും നഗരവുമൂരും ചുറ്റി
ക്കാടും മേടും കീറിമുറിച്ചാ
മാനം നേരെ പുകയും തുപ്പി
കുതിച്ചുപായുവതാരാണ്?

